WAS

WORLD ASSOCIATION FOR SEXUAL HEALTH

# ലൈംഗികാനന്ദ പ്രഖ്യാപനം

ലൈംഗികാവകാശങ്ങൾ, ലൈംഗികാരോഗ്യം, ലൈംഗിക ക്ഷേമം എന്നിവയുടെ അടിസ്ഥാന ഘടകമാണ് ലൈംഗികാനന്ദം (Sexual Pleasure) എന്ന തിരിച്ചറിവിൽ, ലോക ലൈംഗികാരോഗ്യ സംഘടന (World Association for Sexual Health):

**താഴെപ്പറയുന്നവ സ്ഥിരീകരിക്കുന്നു:**

ചിന്തകൾ, ഭാവനകൾ, സ്വപ്നങ്ങൾ, വികാരാനുഭവങ്ങൾ, വികാരപ്രകടനങ്ങൾ എന്നിവയുൾപ്പെടെയുള്ള തനിച്ചോ കൂട്ടായോ ഉള്ള ലൈംഗിക അനുഭവങ്ങളിൽ നിന്ന് ലഭിക്കുന്ന ശാരീരികമോ മാനസികമോ ഇവ രണ്ടുമോ ആയ സംതൃപ്തിയും ആസ്വാദനവുമാണ് ലൈംഗികാനന്ദം. സ്വയം നിർണ്ണയം, സമ്മതം, സുരക്ഷ, സ്വകാര്യത, ആത്മവിശ്വാസം, ലൈംഗിക വിനിമയങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്താനും ചർച്ച ചെയ്യാനുമുള്ള കഴിവ് എന്നിവ ലൈംഗികാരോഗ്യത്തെയും ക്ഷേമത്തെയും പരിപോഷിപ്പിക്കുന്ന ആനന്ദത്തിന്റെ പ്രധാന ഘടകങ്ങളായി പ്രവർത്തിക്കുന്നു. ലൈംഗികാവകാശങ്ങളുടെ, പ്രത്യേകിച്ചും സമത്വവും വിവേചനമില്ലായ്മയും, സ്വയംനിർണ്ണയവും ശാരീരികാധികാരവും, സാധ്യമായ പരമാവധി ആരോഗ്യ നിലവാരം, ആവിഷ്ക്കാര സ്വാതന്ത്ര്യം എന്നിവയുടെയൊക്കെ പശ്ചാത്തലത്തിൽ വേണം ലൈംഗികാനന്ദം വിനിയോഗിക്കുന്നത്. മനുഷ്യരുടെ ലൈംഗികാനന്ദത്തിന്റെ അനുഭവങ്ങൾ വൈവിധ്യമാർന്നവയാണ്. ബന്ധപ്പെട്ട എല്ലാവർക്കും ആനന്ദം ഒരു നല്ല അനുഭവമാണെന്നും അത് മറ്റുള്ളവരുടെ മനുഷ്യാവകാശങ്ങളും ക്ഷേമവും ലംഘിക്കുന്നതിലൂടെ ലഭ്യമാകുന്നതല്ലെന്നും ലൈംഗികാവകാശങ്ങൾ ഉറപ്പാക്കുന്നു[1].

**താഴെപ്പറയുന്നവ പ്രഖ്യാപിക്കുന്നു:**

1. വിവേചനം, ബലപ്രയോഗം, അക്രമം എന്നിവയില്ലാത്ത ആനന്ദകരവും സുരക്ഷിതവുമായ ലൈംഗിക അനുഭവങ്ങൾക്കുള്ള സാധ്യത എല്ലാവരുടെയും ലൈംഗികാരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും അടിസ്ഥാന ഘടകമാണ്;

2. ലൈംഗികാനന്ദത്തിനുള്ള വഴികൾ ലഭ്യമാവുക എന്നത് മനുഷ്യാനുഭവത്തിന്റെയും വ്യക്തിഗത ക്ഷേമത്തിന്റെയും (Subjective Well-being) ഭാഗമാണ്;;

3. ഒരു മനുഷ്യാവകാശ വിഷയമെന്ന നിലയിൽ ലൈംഗികാനന്ദം ലൈംഗികാവകാശങ്ങളുടെ ഒരു  അടിസ്ഥാന ഘടകമാണ്;

4. ലൈംഗികാനന്ദത്തിൽ വൈവിധ്യമാർന്ന ലൈംഗികാനുഭവങ്ങളുടെ സാധ്യത ഉൾപ്പെട്ടിരിക്കുന്നു;

5. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വിദ്യാഭ്യാസം, ആരോഗ്യ പ്രോത്സാഹനം, സേവന വിതരണം, ഗവേഷണം, അഭിഭാഷണം, എന്നിവയുമായി ലൈംഗീകാനന്ദം സമന്വയിക്കപ്പെടണം.

6. വ്യക്തികളുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, യാഥാർത്ഥ്യങ്ങൾ എന്നിവയോട് നീതി പുലർത്താനായി ലൈംഗികാനന്ദത്തെ കർമ്മപരിപാടികളിൽ ഉൾപ്പെടുത്തുന്നത് ആത്യന്തികമായി സാർവ്വത്രിക ആരോഗ്യത്തിനും സുസ്ഥിര വികസനത്തിനും സഹായകമാണ്. ഇതിനായി സമഗ്രവും അടിയന്തിരവും സുസ്ഥിരവുമായ നടപടികൾ ആവശ്യമാണ്.

ഗവൺമെന്റുകൾ, അന്താരാഷ്ട്ര അന്തർസർക്കാർ, സർക്കാരിതര സംഘടനകൾ, അക്കാദമിക് സ്ഥാപനങ്ങൾ, ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലെ അധികാരികൾ, മാധ്യമങ്ങൾ, സ്വകാര്യ മേഖല, പൊതുസമൂഹം, പ്രത്യേകിച്ചും ലോക ലൈംഗികാരോഗ്യ സംഘടനയുടെ അംഗ സംഘടനകളോടും ഉള്ള അഭ്യർത്ഥന:

**അ.** സ്വയം നിർണയം, വിവേചനമില്ലായ്മ, സ്വകാര്യത, ശാരീരികാധികാരം, സമത്വം എന്നിവയുൾപ്പെടെയുള്ള  ലൈംഗികാവകാശങ്ങൾ മനുഷ്യാവകാശങ്ങൾ തന്നെയാണെന്ന തത്വത്തിൽ അധിഷ്ഠിതമായി ലൈംഗികാരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും അടിസ്ഥാന ഘടകമായി നിയമത്തിലും നയങ്ങളിലും ലൈംഗികാനന്ദത്തെ പ്രോത്സാഹിപ്പിക്കുക;

**ആ.** അറിവോടെയുള്ളതും സ്വയം നിർണ്ണയിക്കപ്പെട്ടതും മാന്യവും സുരക്ഷിതവുമായ ലൈംഗികാനന്ദ അനുഭവങ്ങൾക്കായി, ജീവിത കാലയളവിലുടനീളം ആളുകളുടെ വൈവിധ്യമാർന്ന ശേഷികൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി എല്ലാവരെയും ഉൾക്കൊള്ളുന്നതും തെളിവധിഷ്ഠിതവും അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമായ രീതിയിലുള്ള സമഗ്ര ലൈംഗികതാ വിദ്യാഭ്യാസം

(Comprehensive Sexuality Education) ലൈംഗികാനന്ദത്തെ അഭിസംബോധന ചെയ്യുന്നുവെന്ന് ഉറപ്പാക്കുക;

**ഇ.** ലൈംഗികാരോഗ്യ പരിരക്ഷാ സേവനങ്ങളുടെ അവിഭാജ്യഘടകമാണ് ലൈംഗികാനന്ദമെന്നും ലൈംഗികാരോഗ്യ സേവനങ്ങൾ പ്രാപ്യവും, താങ്ങാനാവുന്നതും, സ്വീകാര്യവും അപമാനബോധം, വിവേചനം, വിചാരണ എന്നിവയില്ലാതെ കിട്ടുന്നവയാണെന്നും ഉറപ്പുവരുത്തുക;

**ഈ.** ക്ഷേമത്തിന്റെ ഭാഗമെന്ന നിലയിൽ ലൈംഗികാനന്ദത്തിന്റെ പ്രയോജനങ്ങളെക്കുറിച്ച് അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള ഫണ്ടിംഗ് ഉറവിടങ്ങൾ, ഗവേഷണ രീതിശാസ്ത്രങ്ങൾ, വ്യക്തിതലത്തിലും സാമൂഹികാരോഗ്യത്തിലും ലൈംഗികാനന്ദത്തിന്റെ പങ്കിനെ അഭിസംബോധന ചെയ്യുന്ന അറിവിന്റെ വ്യാപനം എന്നിവ ഉൾപ്പെടെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള, തെളിവധിഷ്ഠിത അറിവിന്റെ നിർമ്മാണം വർധിപ്പിക്കുക;

**ഉ.** സ്ഥിരതയുള്ളതും തെളിവധിഷ്ഠിതവുമായ നയങ്ങൾ, വ്യവഹാരം, പരസ്പര പെരുമാറ്റം, കൂട്ടായ പ്രവർത്തനം എന്നിവയുടെ പിന്തുണയോടെ എല്ലാവരുടെയും മനുഷ്യാവകാശങ്ങളെ മാനിച്ചുകൊണ്ടുള്ള ലൈംഗികാനന്ദ അനുഭവങ്ങളിലെ വൈവിധ്യത്തെ അംഗീകരിക്കുന്നതിനുള്ള ആഗോള, ദേശീയ, പ്രാദേശിക, പരസ്പര, വ്യക്തിഗത പ്രതിബദ്ധതകളെ ഊട്ടിയുറപ്പിക്കുക.

**

മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് : Dr. Chinchu C.

വിവർത്തനം പരിശോധിച്ചത് : Nithin Lalachan, Naeem EN

Association for Social Change, Evolution, and Transformation (ASCENT) പ്രതിനിധികൾ.

ലോക ലൈംഗികാരോഗ്യ സംഘടന അഥവാ World Association for Sexual Health (WAS) ലോകമെമ്പാടുമുള്ള ശാസ്ത്ര സംഘടനകൾ, സർക്കാരിതര സന്നദ്ധ സംഘടനകൾ, മനുഷ്യ ലൈംഗികതയുടെ മേഖലയിലെ പ്രൊഫഷണലുകൾ എന്നിവരുടെ ഒരു മൾട്ടി ഡിസിപ്ലിനറി സംഘമാണ്. ഈ സംഘടന എല്ലാവരുടെയും ലൈംഗികാവകാശങ്ങളും ലൈംഗികാരോഗ്യവും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്തുകൊണ്ട് ജീവിതത്തിലുടനീളവും ലോകമെമ്പാടും ലൈംഗികാരോഗ്യത്തെ പ്രോത്സാഹിപ്പിക്കുന്നു. ലോകമെമ്പാടും അഭിഭാഷക പ്രവർത്തനങ്ങൾ, നെറ്റ്‌വർക്കിംഗ്, വിവരങ്ങളുടെയും ആശയങ്ങളുടെയും അനുഭവങ്ങളുടെയും കൈമാറ്റം സുഗമമാക്കൽ, ശാസ്ത്രീയമായ ലൈംഗികതാ ഗവേഷണം, സമഗ്ര

ലൈംഗികതാ വിദ്യാഭ്യാസം, ലൈംഗികശാസ്ത്രം അഥവാ ക്ലിനിക്കൽ സെക്സോളജി എന്നിവയുടെ പ്രചാരണത്തിലൂടെ ഒരു അന്തർവൈജ്ഞാനിക സമീപനം സ്വീകരിച്ച് WAS ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നു. 2019 ൽ മെക്സിക്കോ സിറ്റിയിൽ നടന്ന 24-ആമത് വേൾഡ് കോൺഗ്രസ് ഓഫ് സെക്ഷ്വൽ ഹെൽത്തിലാണ് ലൈംഗികാനന്ദ പ്രഖ്യാപനം ആദ്യം വിളംബരം ചെയ്യുന്നത്. 2021 ൽ ദക്ഷിണാഫ്രിക്കയിലെ കേപ്പ്ടൗണിൽ നടന്ന 25-ആമത് വേൾഡ് കോൺഗ്രസ് ഓഫ് സെക്ഷ്വൽ ഹെൽത്തിൽ വെച്ച് WAS ജനറൽ അസംബ്ലി ഈ അന്തിമ പതിപ്പ് അംഗീകരിച്ചു.

[1]കടപ്പാട്: Global Advisory Board for Sexual Health and Wellbeing. (2016). Working definition of sexual pleasure. Retrieved from https://www.gab-shw.org/our-work/working-definition-of-sexual-pleasure/